4461 മെട്രിക് ടൺ ഉടച്ച തേങ്ങയും സംഭരിച്ചു. നെല്ലിന്റെ വിലയിടിവ് തടയുന്നതിനുവേണ്ടി നെല്ല് സംഭരണ പദ്ധതി സർക്കാർ നടപ്പാക്കി വരുന്നു. റബ്ബറിന്റെ വിലയിടിവ് നിയന്ത്രിക്കുന്നതിനുവേണ്ടി കമ്പോളവിലയേക്കാൾ കിലോയ്ക്ക് 50 പൈസ അധിക വില നൽകി റബ്ബർ സംഭരിക്കാനും, കയറ്റുമതി ചെയ്യുവാനും നടപടി എടുത്തുവരുന്നു.

ചെറുകിട കർഷക ഇൻഷ്വറൻസ് പദ്ധതി

25 (*85) ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കർഷകർക്കുവേണ്ടി സർക്കാർ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി മുഖേന കർഷകർക്ക് ഉണ്ടാകുന്ന പ്രയോജനം വെളിപ്പെടുത്തുമോ;

(സി) എത്ര കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. ജി.എം(എം.എസ്)നം. 122/99/കൃഷി തീയതി 29.4.99 പ്രകാരം 'കർഷകരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിപ്രകാരം അംഗമാകാനുള്ള വാർഷിക പ്രീമിയമായ 10 രൂപ കൃഷിക്കാരന് വേണ്ടി സർക്കാർ ഇൻഷ്വറൻസു കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗമായ കൃഷിക്കാരന് അപകടമരണമോ പൂർണ്ണമായ അംഗവൈകല്യമോ സംഭവിച്ചാൽ ഒരുലക്ഷം രൂപയും, ഭാഗികമായ അംഗവൈകല്യത്തിന് 50,000 രൂപയും, മരിക്കുന്ന അംഗത്തിന്റെ കുട്ടികളുടെ വിദ്യഭ്യാസത്തിന് 5000 രൂപ രണ്ട് കുട്ടികൾക്ക് വീതവും, രണ്ടു പെൺകുട്ടികളുടെ വിവാഹത്തിന് 5000 രൂപ വീതവും, ഗുരുതരമായി മുറിവേൽക്കുന്ന അംഗത്തിന്റെ ശുശ്രൂഷ ചെലവിന് 5000 രൂപയും, മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരത്തിനും, ശവശരീരം വീട്ടിൽ എത്തിക്കാനും ആയിരം രൂപ വീതവും ധനസഹായം നൽകുന്നു.

(സി) 10 ലക്ഷം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. ഇതുവരെയായി അപകടത്തിൽ മരിച്ച 74 കർഷകരുടെ നോമിനികൾക്ക് 79,48,674 രൂപയും അംഗവൈകല്യം സംഭവിച്ച 111 കർഷകർക്ക് 8,43,618 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 66,30,000 രൂപയുടെ ധനസഹായത്തിന് അർഹതയുള്ള ക്ലെയിമുകൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

വിഷമദ്യദുരന്തത്തെത്തുടർന്ന് എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ

26 (*86) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :

LIBRARY ARCHIVES Kerala Legislative Assembly